**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5702** **08-07-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ വിദഗ്ധ ഡോക്ടർമാരുടെ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വൃക്ക സംബന്ധമായ രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ഇതിനായി വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; നിർധനരായ വൃക്ക രോഗികൾക്കും മറ്റ് ഗുരുതര രോഗം ബാധിച്ചവർക്കുമുള്ള മരുന്നുകൾ ജില്ലയിൽ എവിടെയൊക്കെ സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (എ) | വൃക്ക രോഗികൾക്കായി കാസർഗോഡ് ജനറൽ ആശുപത്രി , കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി, താലൂക്കാശുപത്രികളായ തൃക്കരിപ്പൂർ, നീലേശ്വരം, മംഗൽപാടി, സാമൂഹികാരോഗ്യ കേന്ദ്രങ്ങളായ പെരിയ, മുളിയാർ എന്നിവിടങ്ങളിൽ ഡയാലിസിസ് സെന്ററുകൾ പ്രവർത്തിക്കുന്നു. ഇതിനായി വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നെഫ്രോളജി വിഭാഗം ഇല്ല. എന്നാൽ ടി ആശുപത്രിയിൽ ജനറൽ മെഡിസിൻ വിഭാഗത്തിലുള്ള ഒരു ഡോക്ടർക്ക് Nephrology Super Speciality ബിരുദം ഉള്ളതിനാൽ ടി വിഭാഗത്തിൽ ആഴ്ചയിൽ മൂന്ന് ദിവസം ഒ.പി ലഭ്യമാണ്.<br><br>അവയവം മാറ്റി വച്ച വൃക്ക രോഗികൾക്കടക്കം ജില്ലാ പഞ്ചായത്ത് പ്രോജക്ട് പ്രകാരം ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, താലൂക്കാശുപത്രികൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവ വഴി മരുന്നുകൾ സൗജന്യമായി നൽകി വരുന്നു. കെ.എം.എസ്.സി.എൽ മുഖേന നെഫ്രോളജി മരുന്നുകൾ കാസർഗോഡ് മെഡിക്കൽ കോളേജിന് അനുവദിച്ചിട്ടില്ലെങ്കിലും ഇത്തരം മരുന്നുകൾ ലോക്കൽ പർച്ചേസ് നടത്തി രോഗികൾക്ക് സൗജന്യമായി വിതരണം ചെയ്തു വരുന്നു. നടപ്പ സാമ്പത്തിക വർഷം സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലൂടെ സൗജന്യ വിതരണത്തിനായുള്ള 573 ഇനം അവശ്യ മരുന്നുകൾക്ക പുറമെ, സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ രോഗ ചികിത്സയ്ക്കായി ഉപയോഗിച്ചുവരുന്ന 152 ഇനം സെഷ്യാലിറ്റി മരുന്നുകളും, അർബുദരോഗ ചികിത്സയ്ക്കായി ഉപയോഗിച്ചുവരുന്ന 117 ഇനം മരുന്നുകളും ഉൾപ്പെടെ 842 ഇനം മരുന്നുകളാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ടെണ്ടർ ക്ഷണിച്ചത്. ടെണ്ടറിൽ വിതരണക്കാരെ ലഭ്യമായ മരുന്നുകൾ |

| | | | |
|---|---|---|---|
| | | | വാങ്ങി കാസർഗോഡ് ജില്ല ഉൾപ്പെടെയുള്ള സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ഇൻഡന്റിനും ആവശ്യകതയ്ക്കും അനുസൃതമായി സൗജന്യമായി നൽകിവരുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ എല്ലാ മേജർ സർക്കാർ ആശുപത്രികളിലും എല്ലായിനം മരുന്നുകളും വിതരണം നടത്തുന്നുണ്ട്. കൂടാതെ ജില്ലയിലെ സ്പെഷ്യാലിറ്റി ചികിത്സ, കാൻസർ ചികിത്സ തുടങ്ങിയ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലും അതിനാവശ്യമായ മരുന്നുകൾ വിതരണം നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ